**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5063** **04-07-2024 - ൽ മറുപടിയ്ക്ക്**

**യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം മുകേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസം പൂർത്തിയാക്കിയാലും ആധുനിക കാലഘട്ടത്തിന് ആവശ്യമായ തൊഴിൽ വൈദഗ്ധ്യമില്ലാത്ത യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ 23 വയസിൽ താഴെയുള്ള യുവാക്കൾക്കും പ്ലസ് ടു ലവൽ വിദ്യാർത്ഥികൾക്കും അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കാനും തൊഴിൽ ശാക്തീകരണം ഉറപ്പ വരുത്താനുമായി നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ (സ്കിൽ ഡവലപ്മെന്റ് സെന്റർ) സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നു. ഈ കേന്ദ്രത്തിൽ ആറ് മാസത്തെ കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ സ്കിൽഡ് ക്വാളിഫിക്കേഷൻസ് ഫ്രയിം വർക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. രാജ്യത്തും വിദേശത്തുമായി തൊഴിൽ സാധ്യതയുള്ള 29 പുതുതലമുറ കോഴ്സുകളാണ് തുടക്കത്തിൽ ആരംഭിക്കുന്നത്. എല്ലാ കോഴ്സുകളും സൗജന്യമാണ്. 2023-24 വർഷത്തിൽ എല്ലാ ജില്ലകളിലുമായി പൈലറ്റ് അടിസ്ഥാനത്തിൽ 14 കേന്ദ്രങ്ങൾ പ്രവർത്തനം തുടങ്ങി. 2024-25 വർഷത്തിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുടെ എണ്ണം 210 ആകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായുള്ള പരിശീലനം നൽകുന്നതിന് ജില്ലാടിസ്ഥാനത്തിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ജില്ലാ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ്, സമഗ്ര ശിക്ഷാ കേരളം, ജില്ലാ പഞ്ചായത്ത്, ജില്ലാ കളക്ടർ എന്നിവരുടെ പ്രതിനിധികളടങ്ങുന്ന ഒരു ജില്ലാ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പരിശീലനത്തിനായി എന്തെല്ലാം ട്രേഡുകളാണ് (കോഴ്സുകളാണ്) തെരഞ്ഞെടുത്തിരിക്കുന്നത്; വിശദവിവരം അറിയിക്കാമോ; | (സി) | പരിശീലനത്തിനായി 2024-25 വർഷത്തിൽ 29 കോഴ്സുകളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ആയത് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പരിശീലനത്തിന് ആവശ്യമായ ആസൂത്രണങ്ങൾ നടത്തുന്നതിന് പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | പരിശീലനത്തിന് ആവശ്യമായ ആസൂത്രണങ്ങൾ നടത്തുന്നത് സർവ്വ ശിക്ഷാ കേരളയും (SSK) പദ്ധതി |

| | | | |
|---|---|---|---|
| | | | നിർവഹണം നടത്തുന്നത് പൊതുവിദ്യാഭ്യാസ വകുപ്പ് - വി.എച്ച്.എസ്.ഇ. വിഭാഗവുമാണ്. |

സെക്ഷൻ ഓഫീസർ

[illegible]

| Sl. No. | Sector | COURSE NAME |
|---|---|---|
| 1 | Agriculture | Hydroponics Technician |
| 2 | Agriculture | Service and Maintenance Technician - Farm Machinery |
| 3 | Agriculture | Interior Landscaper |
| 4 | Agriculture | Plant Tissue Culture Technician |
| 5 | Automotive | Electric Vehicle Service Technician |
| 6 | Beauty & Wellness | Cosmetologist |
| 7 | BFSI | GST Assistant |
| 8 | Electronics | Assistant Robotics technician |
| 9 | Electronics | Drone Service Technician |
| 10 | Electronics | Mobile Phone Hardware Repair Technician |
| 11 | Electronics | CCTV Installation Technician |
| 12 | Electronics | Solar LED Technician |
| 13 | Food Processing | Baking Technician Operative |
| 14 | Gem & Jewellery | Jewellery Designer |
| 1 | Health | Emergency Medical Technician-Basic |
| 1 | IT-ITeS | Web Developer |

| Sl. No. | Sector | COURSE NAME |
|---|---|---|
| 17 | Logistics | Warehouse Associate |
| 18 | Logistics | Exim Executive |
| 19 | Media & Entertainment | 3D printing operator |
| 20 | Media & Entertainment | Animator |
| 21 | Media & Entertainment | Graphic Desiner |
| 22 | Power | Electrician - Domestic Solution |
| 23 | Sports, Physical Education, Fitness & Leisure | Fitness Trainer (SPF/Q1107) |
| 24 | Telecom | AI Machine learning Jr Telecom Data Analyst |
| 25 | Telecom | Telecom Technician - IoT Devices |
| 26 | Telecom | AI Devices Installation/Operator |
| 27 | Telecom | IoT Technical Service Operator |
| 28 | Tourism & Hospitality | Food and Beverages Service Associate |
| 29 | Telecom | Cloud Computing - Jr. Analyst (TEL/Q6215) (Telecom) |